# മാതൃകാചോദ്യപേപ്പർ

(പരിശീലനത്തിനു വേണ്ടി മാത്രം) സമയം.90 മിനിട്ട്

ക്ലാസ്സ് 10 തിരുവനന്തപുരം വിദ്യാഭ്യാസജില്ല സ്കോർ -80

## മലയാളം പേപ്പർ. I

പരമാവധി ലഭിക്കുന്ന സ്കോർ -40

കേരളപാഠാവലി

---

## ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (1 സ്കോർ വീതം)

1. 'ഇതുവൈഷമ്യക്കാരനാണ്' എന്ന് ശകുന്തളപറയുന്നത് എന്തിനെപ്പറ്റിയാണ്?
   - വനജ്യോത്സ്നയെ
   - സർവ്വദമനനെ
   - മുദ്രമോതിരത്തെ

2. എഴുത്തച്ഛനുമായി ബന്ധപ്പെടാത്ത പ്രസ്ഥാനം
   - കിളിപ്പാട്ട് പ്രസ്ഥാനം
   - ഭക്തിപ്രസ്ഥാനം
   - പച്ചമലയാളപ്രസ്ഥാനം

3. സൗമ്യസ്വരം വിഗ്രഹിച്ചാൽ
   - സൗമ്യമായ സ്വരം
   - സൗമ്യത്തിന്റെ സ്വരം
   - സൗമ്യവും സ്വരവും

4. ''ഏകുമർത്ഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ'' ഇവിടെ നളിനിയുടെ ഏതാഗ്രഹമാണ് ഈശ്വരൻ നിറവേറ്റിയത്?
   - സന്യാസിനിയാവുക എന്ന ആഗ്രഹം
   - വീട്ടിലേക്ക് മടങ്ങാനുള്ള ആഗ്രഹം
   - ദിവാകരനെ കാണുക

5. 'പാവങ്ങളുടെ' മലയാളവിവർത്തനം നിർവ്വഹിച്ചത്?
   - എ.ആർ രാജരാജവർമ്മ
   - നാലപ്പാട്ട് നാരായണമേനോൻ
   - കാളിയത്ത് ദാമോദരൻ

6. ''കാരണവർക്ക് താല്പര്യമുള്ളപോലെ സംസ്ക്കരിക്കാം.വേണ്ട. എനിക്കു താല്പര്യമില്ല''.വെള്ളായിയപ്പന്റെ വാക്കുകളിൽ തെളിയുന്നത്?
   - ദാരിദ്ര്യം,നിസ്സഹായത
   - സമയമില്ല.തിരിച്ചുപോകണം
   - കടൽ കാണണം,മകനെ കാണണ്ട

**രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ)**

7. 'പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം
വെള്ളായിയപ്പനെ തളർത്തി' വെള്ളായിയപ്പനെ തളർത്തിയ
അനുഭവങ്ങൾ ഏതെല്ലാം?

8. "പണ്ടു നിന്നെയൊരിളം കുരുന്നായ്
കണ്ടു ഞാൻ സപദിവല്ലിയായ് നീ"
-ആരാണിങ്ങനെ പറയുന്നത്? വരികളിലെ ആശയമെന്ത്?

9. ''സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും'' -
ഏതെങ്കിലും രണ്ട് ശബ്ദഭംഗികൾ കണ്ടെത്തിയെഴുതുക?

10. മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തു<u>പോയി</u>
അയാൾ അവിടെ നിന്നു<u>പോയി</u>
-അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.

11. ചെറുകഥകൾകൊണ്ട് മറ്റാളുകളുടെ മനസ്സിളക്കാനായോ
എന്നറിയില്ലെങ്കിലും ഒരിക്കൽ ഒരു യുവാവിന്റെ മനസ്സിളക്കിയതായി
എസ്.കെ പൊറ്റെക്കാട് അഭിമാനിക്കുന്നു.വിശദീകരിക്കുക.

**അരപ്പുറത്തിൽ ഉത്തരമെഴുതുക (4 സ്കോർ വീതം)**

12. അർത്ഥപൂർണ്ണമായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ
ഭാവസാന്ദ്രമാക്കുന്നത്.ഉദാഹരണങ്ങളിലൂടെ പ്രസ്താവനയെ
വിലയിരുത്തുക

13. ''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ''
-വരികളുടെ സമകാലിക പ്രസക്തി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

14. ''കുട്ടികളെ അമ്മതന്നെ വളർത്തണം.ശാസിക്കുകയും ലാളിക്കുകയും
കൂട്ടുകൂടുകയും വേണം.എങ്കിലേ അമ്മയെന്നത് കുട്ടികളുടെ ഒരു
ഭാഗവും കുട്ടികൾ അമ്മയുടെ ഭാഗവുമായിത്തീരുകയുള്ളു.പുതിയ
ഭാര്യയെ ഇതു പഠിപ്പിക്കൂ.എന്നാൽ അവർക്ക് സുഖമായിരിക്കും.'' –
മിസ്സിസ് തലത്തിന്റെ ഈ ഉപദേശത്തോടുള്ള പ്രതികരണക്കുറിപ്പ്
തയ്യാറാക്കുക

15. നാടകീയ മുഹൂർത്തങ്ങൾ ധാരാളം നിറഞ്ഞഭാഗമാണ്
'ഋതുയോഗം'.രണ്ടു സന്ദർഭങ്ങളുദാഹരിച്ച് പ്രസ്താവനയെ
സാധൂകരിക്കുക

16. ''കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ''
-ചമൽക്കാരഭംഗി വിശദമാക്കുക

17. ''ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹം നിമിത്തം മഹാമോഹം''
-വലിയ ആശയങ്ങളെ ലളിതമായ ജീവിതാവസ്ഥകളുമായി ചേർത്തുപറയുന്നതിൽ വിദഗ്ദ്ധനാണ് എഴുത്തച്ഛൻ.മേൽ സൂചിപ്പിച്ച വരികളുടെ അടിസ്ഥാനത്തിൽ നിരൂപണം ചെയ്യുക.

18.''അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി അനങ്ങാതെ,വിരൽത്തുമ്പുകൊണ്ടു പതുക്കെ അയാൾ വാതിലുന്തി''
-ഈ വാക്യം വെളിപ്പെടുത്തുന്ന ഴാങ് വാൽ ഴാങ്ങിന്റെ അവസ്ഥകൾ വ്യക്തമാക്കുക.

19. ''നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും''
- ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ ഇച്ഛാഭംഗങ്ങൾ എന്തെല്ലാം?

20. ''ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്,ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.'' ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിശകലനം ഏഐെചെയ്യുക.

21. ''എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.'' ശരൺകുമാർ ലിംബാള ഇങ്ങനെ പറയാനുണ്ടായ സംഭവം വിവരിക്കുക.

**ഒരുപുറത്തിൽ ഉത്തരമെഴുതുക (6 സ്കോർവീതം)**

22.''കോപം അഗ്നിയാണ്.നാശമുണ്ടാക്കിയേ അത് അടങ്ങൂ''
(മഹാത്മാഗാന്ധി)
ഗാന്ധിജിയുടെ പ്രസ്താവന ശ്രദ്ധിച്ചല്ലോ? ഗാന്ധിജയന്തി ദിനത്തിൽ 'ക്രോധം വരുത്തിവയ്ക്കുന്ന വിനകൾ' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിലേക്ക് പ്രസംഗം തയ്യാറാക്കുക.

TVM EDI DIST

23 ‘വിശ്വരൂപം’ എന്ന ശീർഷകം കഥയ്ക്ക് അനുയോജ്യമാണോ?സ്വന്തം നിരീക്ഷണം സമർത്ഥിക്കുക.

24. ‘നന്മയുടെയും കാരുണ്യത്തിന്റെയും ആൾരൂപമാണ് ‘പാവങ്ങളിലെ മെത്രാൻ’.നിരീക്ഷണം വിലയിരുത്തി കഥാപാത്രസവിശേഷതകൾ വിവരിക്കുക

25.‘‘അതിനെ,അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്,അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം.’’ സർവ്വമനുഷ്യരിലും കുടികൊള്ളുന്ന ഏതൊക്കെ ഭാവങ്ങളെയാണ് അശ്വത്ഥാമാവ് പ്രതിനിധാനം ചെയ്യുന്നതായി കുട്ടികൃഷ്ണമാരാർ നിരീക്ഷിക്കുന്നത്.ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുക.

TVM EDL DIST